(സി) ഇവരുടെ സേവന-വേതന വ്യവസ്ഥ വിശദീകരിക്കാമോ ;

(ഡി) ഇവർക്കെല്ലാവർക്കും ചേർന്ന് പ്രതിമാസം എന്തുതുക ചെലവഴിക്കേണ്ടി വരുമെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

കമ്പനി/ബോർഡ്/കോർപ്പറേഷനിലെ ജീവനക്കാരുടെ വിരമിക്കൽ പ്രായം ഉയർത്താൻ നടപടി

41 (7600) ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് വിവിധ കമ്പനി/ബോർഡ്/കോർപ്പറേഷനിലെ ജീവനക്കാരുടെ വിരമിക്കൽ പ്രായം ഉയർത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ പ്രസ്തുത വിഷയം പരിഗണനയിൽ ഉണ്ടോ ; വിശദാംശം നൽകുമോ ?

ഉത്തരം

സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ വിരമിക്കൽ പ്രായം ഉയർത്തി 60 വയസ്സാക്കണമെന്ന് ആവശ്യപ്പെട്ട് നിരവധി നിവേദനങ്ങൾ സർക്കാരിൽ ലഭിച്ചിട്ടുണ്ടെങ്കിലും ഈ വിഷയത്തിൽ ഇതുവരെ പൊതുവായ തീരുമാനം ഒന്നും എടുത്തിട്ടില്ല. ഈ വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

പയ്യന്നൂർ സബ് കോടതിയിൽ പാർട്ട്ടൈം സ്വീപ്പറുടെ അധിക തസ്തിക

42 (7601) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2010-ൽ പുതിയ കെട്ടിടത്തിലേക്ക് മാറിയ പയ്യന്നൂർ സബ് കോടതിയിൽ പാർട്ട് ടൈം സ്വീപ്പറുടെ അധിക തസ്തിക സൃഷ്ടിക്കാനുള്ള പ്രൊപ്പോസൽ സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത പ്രൊപ്പോസൽ പരിശോധിച്ച് തസ്തിക സൃഷ്ടിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത പ്രൊപ്പോസലിന്മേൽ സബോർഡിനേറ്റ് ജുഡീഷ്യറിയിലെ ഹൈക്കോടതി രജിസ്ട്രാറോട് അധിക വിവരം ആരാഞ്ഞിരിക്കുകയാണ്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly